**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3092** **13-07-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിൽ പാലം നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ പൊതുമരാമത്ത് പാലം വിഭാഗത്തിന് കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭ്യമായിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിൽ പൊതുമരാമത്ത് പാലം വിഭാഗത്തിനു കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭ്യമായിട്ടുള്ള 4 പ്രവൃത്തികളാണുള്ളത്.<br>1.Construction of Cheriya Kadamakkudy bridge in Vypin constituency.<br>2. GIDA construction of Chennoor Pizhala Bridge in Vypin constituency.<br>3. GIDA construction of Chariyamthuruthu - Chennoor Bridge in Vypin constituency.<br>4. GIDA Fund construction of bridge across Periyar Tributary connecting Kothad with Chennoor Island in Vypin constituency. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക എത്രയെന്നും അനുമതി ലഭ്യമായത് എന്നാണെന്നും പ്രവൃത്തികളുടെ നിജസ്ഥിതി എന്തെന്നും വിശദമാക്കാമോ? | (ബി) | 1. Cheriya Kadamakkudy bridge in Vypin constituency:-<br>പ്രവൃത്തിയുടെ ഭരണാനുമതി 13/08/2021-ൽ നൽകി. തുക 1050 ലക്ഷം. റവന്യൂ വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി കളക്ടേറ്റിലേക്ക് സമർപ്പിച്ചിട്ടുണ്ട്.<br>2. GIDA construction of Chennoor Pizhala Bridge in Vypin constituency:-<br>പ്രവൃത്തിയുടെ ഭരണാനുമതി 17/02/2021-ൽ നൽകി. തുക 1950 ലക്ഷം. നിലവിൽ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന്റെ പരിഗണനയിലാണ്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | 3. GIDA construction of Chariyamthuruthu Chennoor Bridge in Vypin constituency:-<br><br>പ്രവൃത്തിയുടെ ഭരണാനുമതി 20/02/2021-ൽ നൽകി. തുക 2050 ലക്ഷം. പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നിന്നുള്ള നിർദ്ദേശ പ്രകാരം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. നിലവിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയിൽ Total Station Survey നടന്നു വരുന്നു.<br><br>4. GIDA Fund construction of bridge across Periyar Tributary connecting Kothad with Chennoor Island in Vypin constituency:-<br><br>പ്രവൃത്തിയുടെ ഭരണാനുമതി 06/11/2021-ൽ നൽകി. തുക 3750 ലക്ഷം. ഈ പാലം നാഷണൽ വാട്ടർവേയുടെ കീഴിലാണ് വരുന്നത്. IWAI നിർദ്ദേശ പ്രകാരം വെർട്ടിക്കൽ ക്ലിയറൻസ് HFL-ൽ നിന്നും മാറ്റി MFL ൽ നിന്നും കൊടുക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടിരുന്നു. ഇത് പ്രകാരം ഡ്രോയിംഗ് റീ ഡിസൈൻ ചെയ്യാൻ സമർപ്പിക്കേണ്ടി വന്നു. നിലവിൽ പുതിയ ഡ്രോയിംഗ് ലഭിച്ചു. പുതിയ ഡിസൈൻ പ്രകാരം ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ